**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നിയമസഭാനടപടികൾ - സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 സെപ്റ്റംബർ 19, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

(പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ളക്കാർഡുകളും പിടിച്ചുകൊണ്ട് അവരുടെ സീറ്റുകളിൽ ഇരിക്കുന്നുണ്ടായിരുന്നു.)

**തിരുത്ത്**

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പന്ത്രണ്ടാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 16-7-07-ലെ നക്ഷത്രചിഹ്നമിടാത്ത 3639-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിലെ 'എ' പിരിവിലും അനുബന്ധത്തിലുമുള്ള തെറ്റുകൾ തിരുത്തിക്കൊണ്ടുള്ള ഉത്തരം മേശപ്പുറത്തു വയ്ക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): പന്ത്രണ്ടാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 20-6-07-ലെ നക്ഷത്രചിഹ്നമിടാത്ത 327-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിലെ

(ബി) പിരിവിൽ വന്ന തെറ്റുതിരുത്തിക്കൊണ്ടുള്ള ഉത്തരം മേശപ്പുറത്തു വയ്ക്കുന്നു.

**അടിയന്തിര പ്രമേയം**

**നിയമസഭാ കവാടത്തിൽ എം.എൽ.എ.മാർ നടത്തുന്ന നിരാഹാര സത്യാഗ്രഹം**

മി. സ്പീക്കർ: പൊന്മുടി ഭൂമിയിടപാട് സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് 5 എം.എൽ.എ.മാർ നിരാഹാര സത്യാഗ്രഹം ആരംഭിച്ചെങ്കിലും പ്രസ്തുത സത്യാഗ്രഹം അവസാനിപ്പിക്കുന്നതിന് ഗവൺമെന്റ് ഭാഗത്തുനിന്ന് ഫലപ്രദമായ ഒരു നിർദ്ദേശവും ഇതുവരെയും ഉണ്ടാകാത്ത സാഹചര്യംമൂലം സംജാതമായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. ജി. കാർത്തികേയൻ, സി.ടി. അഹമ്മദ് അലി, സി.എഫ്. തോമസ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): മെർക്കിസ്റ്റൺ എസ്റ്റേറ്റുമായി ബന്ധപ്പെട്ട് പ്രതിപക്ഷം സഭയിലും പുറത്തും ഒരു തരത്തിലും ന്യായീകരിക്കാനാവാത്ത ഒരു രാഷ്ട്രീയ മുതലെടുപ്പു നാടകം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ എല്ലാ പ്രകോപനങ്ങളേയും അവഗണിച്ച് തികഞ്ഞ സംയമനം പാലിക്കുകയാണ് സർക്കാർ ഇതുവരെ ചെയ്തത്. കേരളത്തിന് ലഭിച്ച ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനം നഷ്ടമാവരുത് എന്ന കരുതലുള്ളതുകൊണ്ടാണ് ഗവൺമെന്റ് പ്രതിപക്ഷത്തുനിന്നുമുള്ള പ്രകോപനങ്ങളിൽ വീഴാതിരുന്നത്. എന്നാൽ ഇനി ചില കാര്യങ്ങൾ വ്യക്തമാക്കണമെന്ന് ആഗ്രഹിക്കുന്നു. പാരിസ്ഥിതിക

ദുർബ്ബല പ്രദേശമായ പൊന്മുടിയിലെ മെർക്കിസ്റ്റൺ എസ്റ്റേറ്റ് എങ്ങനെ വിവാദ നായകനായി മാറിയിരിക്കുന്ന സേവി മനോ മാത്യുവിന്റെ കീഴിൽ എത്തിച്ചേർന്നു എന്നുള്ളതും വനത്തിന് തുല്യമായി കരുതി സർക്കാർ സംരക്ഷണത്തിൽ വയ്ക്കേണ്ട ഈ ഭൂമി ISRO-യ്ക്ക് വിൽക്കാൻ എങ്ങനെയാണ് കരാറുണ്ടാക്കിയതെന്നുമാണ് പ്രതിപക്ഷം ഉന്നയിക്കുന്ന ആക്ഷേപങ്ങൾ. ഈ പരിസ്ഥിതി ദുർബ്ബല പ്രദേശം എങ്ങനെ സേവി മനോ മാത്യുവിന്റെ സ്വകാര്യ സ്വത്തായി എന്നുള്ളതിന്റെ ഉത്തരം ഏറ്റവും നന്നായി അറിയുക മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്കും, മുൻ റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിക്കുമാണ്. കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്താണ് ഈ പരിസ്ഥിതി ദുർബ്ബല പ്രദേശം സേവി മനോ മാത്യു വിലയ്ക്കു വാങ്ങുന്നതും ആധാരം രജിസ്റ്റർ ചെയ്യുന്നതും പോക്കുവരവു നടത്തിയെടുക്കുന്നതും. രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും വെട്ടിക്കുറച്ചുകൊണ്ട് അന്ന് പല ഇടപാടുകളിലായി നടത്തിയ അഴിമതിയുടെ ചിത്രം ഏറെത്താമസിയാതെ പുറത്തുവരും. അന്യാധീനപ്പെട്ട വനഭൂമി മാഫിയകളിൽനിന്ന് തിരിച്ചുപിടിക്കാനാണ് എൽ.ഡി.എഫ്. സർക്കാർ രണ്ടായിരാമാണ്ടിൽ രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി ഓർഡിനൻസ് കൊണ്ടുവന്നത്. ഈ ഓർഡിനൻസിന്റെ സഹായത്തോടെ സർക്കാർ ഏകദേശം 60,000 ഏക്കറോളം (28000 ഹെക്ടർ) അന്യാധീനപ്പെട്ട വനഭൂമി പരിസ്ഥിതി ദുർബ്ബല പ്രദേശമായി പ്രഖ്യാപിച്ച് ഏറ്റെടുത്തു. കേരളത്തിന്റെ വന-പരിസ്ഥിതി പരിപാലന ചരിത്രത്തിലെ നാഴികക്കല്ലായ ഈ ഓർഡിനൻസിൽ വെള്ളം ചേർക്കാനാണ് 2003-ൽ യു.ഡി.എഫ്. സർക്കാർ പുതിയ നിയമം കൊണ്ടുവന്നത്. പ്രസ്തുത നിയമത്തിലെ സെക്ഷൻ 19,

3 (എ), 3 (ബി) വകുപ്പുകളിലൂടെ സംസ്ഥാനത്തോട് ചെയ്ത ദ്രോഹത്തിന് യു.ഡി.എഫ്.-ന് കേരള ജനത മാപ്പ് കൊടുക്കില്ല. ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ആദ്യം പുറപ്പെടുവിച്ച ഉത്തരവുകളിലൊന്ന്, സ്വകാര്യ എസ്റ്റേറ്റുകളിലെ മരംമുറി നിർത്തിവയ്ക്കുന്നതിനായിരുന്നു. കണ്ണൻ ദേവൻ കമ്പനിയിൽ നിന്നേറ്റെടുത്ത 22,253 ഏക്കർ വനഭൂമി സ്വന്തക്കാർക്ക് പതിച്ചുകൊടുക്കാനായി യു.ഡി.എഫ്. സർക്കാർ നീക്കം നടത്തിയെങ്കിലും ശക്തമായ ചെറുത്തുനിൽപ്പ് നേരിടേണ്ടി വന്നതിനാൽ ആ ശ്രമം നടന്നില്ല. എൽ.ഡി. എഫ്. സർക്കാർ മാങ്കുളം റിസർവ്വ് വനമായി പ്രഖ്യാപിച്ച് ഇനി ആർക്കും പതിച്ചുനൽകാൻ കഴിയാത്തവിധം നിയമ പരിരക്ഷ നൽകിക്കഴി ഞ്ഞു. യു.ഡി.എഫ്-ഉം എൽ.ഡി.എഫ്-ഉം വന സംരക്ഷണത്തിന്റെ കാര്യ ത്തിൽ കാണിക്കുന്ന വ്യത്യസ്ത കാഴ്ച്ചപ്പാടുകളും സമീപനങ്ങളും ഇതിൽനി ന്നെല്ലാം വ്യക്തമാണ്. കേന്ദ്ര സർക്കാർ സ്ഥാപനമായ ഐ.എസ്.ആർ.ഒ. യ്ക്ക്. ഭൂമി കൈമാറാനുള്ള കരാറിൽ ഏർപ്പെടാനും ഈ സ്ഥലം കൈവശപ്പെ ടുത്തുവാനും സേവി മനോ മാത്യുവിന് കഴിഞ്ഞത് യു.ഡി.എഫ്.-ന്റെ ഒത്താശയിലാണ്. ഈ കരാറിൽ ഇടനില നിന്നത് സംസ്ഥാന സർക്കാരല്ല. ഈ ഭൂമി ഏർപ്പെടുത്തിക്കൊടുത്തതിലും സംസ്ഥാന സർക്കാരിന് പങ്കില്ല. ഈ ഭൂമി ഏറ്റെടുക്കുന്നതിൽ എന്തെങ്കിലും പന്തികേടുണ്ടോയെന്ന് സംസ്ഥാന സർക്കാരിനോട് ആരും അന്വേഷിച്ചിട്ടില്ല. ബഹിരാകാശ വകുപ്പിന്റെ കീഴിലുള്ള ഐ.എസ്.ആർ.ഒ., അവരുടെ ഇഷ്ടപ്രകാരം മനോ മാത്യുവുമായി കരാറിൽ ഏർപ്പെടുകയായിരുന്നു. ഇക്കാര്യത്തിൽ കേന്ദ്ര നിയമ വകുപ്പിന്റെ ഉപദേശം തേടിയിട്ടുണ്ട് എന്ന് ഐ.എസ്.ആർ.ഒ. അധികാരികൾ അവകാശ പ്പെടുന്നുണ്ട്. കേന്ദ്ര സർക്കാരും ഐ.എസ്.ആർ.ഒ.യും ഉൾപ്പെടുന്ന ഈ

ഇടപാടിൽ സംസ്ഥാന തലത്തിൽ അന്വേഷണം ഏർപ്പെടുത്താൻ പരിമിതികളുണ്ട്. ഐ.എസ്.ആർ.ഒ.യും സേവി മനോ മാത്യുവും തമ്മിൽ നടന്ന വസ്തു കൈമാറ്റക്കരാറിൽ നിയമവിരുദ്ധമായി എന്തെങ്കിലും നടന്നിട്ടുണ്ടോയെന്ന് കേന്ദ്ര സർക്കാരിന് അന്വേഷിക്കാവുന്നതാണ്. കേന്ദ്ര സർക്കാർ അന്വേഷണം നടത്തിയാൽ സംസ്ഥാന സർക്കാർ പൂർണ്ണമായും സഹകരിക്കുന്നതാണ്. പ്രതിപക്ഷത്തിന് ആത്മാർത്ഥതയുടെ കണികയെങ്കിലും ബാക്കിയുണ്ടെങ്കിൽ നിയമസഭയുടെ മുമ്പിലെ സമരം നിർത്തിവയ്ക്കാൻ തയ്യാറാവുകയാണ് വേണ്ടത്. കേന്ദ്ര സർക്കാർ ഇടപെട്ട ഭൂമി ഇടപാടിനെക്കുറിച്ച് തങ്ങൾക്കുള്ള സംശയം ദൂരീകരിച്ചുതരാൻ കേന്ദ്ര സർക്കാരിൽ ഇനിയുള്ള സമയം അവർ ചെലവഴിക്കേണ്ടതാണ്. പരിസ്ഥിതി ദുർബല പ്രദേശങ്ങളെക്കുറിച്ച് ഇടതുപക്ഷത്തിന്റെ നിലപാട് വ്യക്തമാണ്. 2000-മാണ്ടിലെ ഓർഡിനൻസിന്റെ അന്തസ്സത്തയ്ക്ക് ചേർന്ന സമീപനമാണ് സർക്കാർ ഇക്കാര്യത്തിൽ കൈക്കൊള്ളുക. വനഭൂമി സംരക്ഷണത്തിനാവശ്യമായ നിയമഭേദഗതി താമസംവിനാ കൊണ്ടുവരും. വനഭൂമിയും പരിസ്ഥിതി ദുർബല പ്രദേശങ്ങളും പൂർണ്ണമായും ഈ സർക്കാരിന്റെ കീഴിൽ സംരക്ഷിക്കപ്പെടും.

<u>ശ്രീ. ജി. കാർത്തികേയൻ</u>: നിയമസഭാ കവാടത്തിൽ സർവ്വശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു,. യു.സി. രാമൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നിരാഹാര സമരത്തിലാണ്. വളരെ നിസ്സാരമായി ഈ ബഹുജനപ്രക്ഷോഭത്തെ സർക്കാർ കണ്ടതിൽ ഖേദമുണ്ട്. സമരത്തിന്റെ ഒരുപാട് മുഖങ്ങളിലൂടെ കടന്നുവന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ചില ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി നിയമസഭാ കവാടത്തിൽ പ്രതിപക്ഷം നടത്തുന്ന നിരാഹാരത്തെ വളരെ പുച്ഛത്തോടുകൂടി കണ്ടത് ജനാധിപത്യ

സംസ്ക്കാരത്തിനുതന്നെ അപമാനമാണ്. മെർക്കിസ്റ്റൺ എസ്റ്റേറ്റിനെക്കുറിച്ച് സഭയ്ക്കകത്തും പുറത്തും ധാരാളം പറഞ്ഞിട്ടുള്ളതാണ്. 4-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് പ്രതിപക്ഷനേതാവ് പറഞ്ഞതാണോ വനം വകുപ്പുമന്ത്രി പറഞ്ഞതാണോ ശരിയെന്ന് അന്വേഷിച്ച് പറയാമെന്നാണ്. അങ്ങ് മുഖ്യമന്ത്രിയായി അധികാരമേറ്റെടുത്തശേഷം സംസ്ഥാനത്ത് ഒരു മരം പോലും മുറിക്കില്ല എന്ന് പ്രഖ്യാപിച്ചതാണ്. 16-5-07-ൽ വനം വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ സേവി മനോ മാത്യുവും പങ്കെടുത്തിരുന്നു. ആ യോഗത്തിൽ എസ്റ്റേറ്റ് ഉടമ ഇപ്പോൾ കൈവശം വച്ച ഭൂമിയിൽ നിന്ന് വിറകിനും അറ്റകുറ്റപ്പണിക്കാവശ്യമായ തടിക്കുവേണ്ടിയും മരം മുറിക്കാവുന്നതാണ് എന്ന തീരുമാനമാണ് ഉണ്ടായത്. ഈ സർക്കാർ സ്ഥലം മാറ്റിയ കൺസർവേറ്റർ ശ്രീ. വർഗ്ഗീസ് മേയ് മാസം 9-ാം തീയതി വനം വകുപ്പുമന്ത്രിക്ക് കൊടുത്ത നോട്ടിൽ സേവി മനോ മാത്യു മരംമുറിക്കേസ്സിൽ പ്രതിയാണെന്നും ഇത് സംബന്ധിച്ച് കോടതിയിൽ കേസ്സുണ്ടെന്നും പ്രതിപാദിച്ചിരുന്നു. സേവി മനോ മാത്യുവിനെവച്ച് യോഗം നടത്തിയ വനം വകുപ്പുമന്ത്രി ശ്രീ. ബിനോയ് വിശ്വത്തെ മാറ്റി നിർത്തി അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടാണ് പ്രതിപക്ഷം നിരാഹാരസമരം നടത്തുന്നത്. അതിന് തടസ്സമെന്താണെന്ന് വ്യക്തമാക്കണം. യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് സേവി മനോ മാത്യുവിന്റെ കയ്യിൽ ഈ വിവാദ ഭൂമി എത്തിച്ചേർന്നതെങ്കിൽ അത് സംബന്ധിച്ചും അന്വേഷണം നടത്തണം. മെർക്കിസ്റ്റൺ എസ്റ്റേറ്റ് ഇടപാടുമായി ബന്ധപ്പെട്ട് ഇന്നലെ വനം വകുപ്പ് സി.സി.എഫ്-നെ സസ്പെന്റ് ചെയ്യുകയും നാല് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുകയും ചെയ്തിരിക്കുകയാണ്. ഇന്നത്തെ മുഖ്യമന്ത്രി പ്രതിപക്ഷ നേതാവായിരുന്നപ്പോൾ അഴിമതിക്കെതിരെ പോരാട്ടം നടത്തിയിരുന്നു.

കേരളത്തിൽ മുഴുവൻ വിവാദമുണ്ടാക്കിയിരിക്കുന്ന ഗുരുതരമായ ഈ പ്രശ്നത്തിന്മേൽ 5 എം.എൽ.എ.മാർ നിരാഹാര സമരം നടത്തുമ്പോൾ അതിനെ പരിഹസിക്കുന്നത് ശരിയല്ല. മെർക്കിസ്റ്റൺ ഇടപാടുമായി ബന്ധപ്പെട്ട അഴിമതിക്കെതിരെ വനം വകുപ്പുമന്ത്രിയെ മാറ്റിനിർത്തിക്കൊണ്ട് അന്വേഷണം നടത്തുന്നതുവരെ പ്രതിപക്ഷം സമരവുമായി മുന്നോട്ടുപോകും. മരംമുറിക്കൽ വിവാദത്തിൽ പ്രതിയായ വ്യക്തിയെ ഉൾപ്പെടുത്തിക്കൊണ്ട് യോഗം നടത്തിയതിലൂടെ ഗവണ്മെന്റിന് ഈ ഇടപാടിൽ പങ്കാളിത്തമുണ്ടെന്നത് വ്യക്തമാണ്. ഗുരുതരമായ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> ഈ പ്രശ്നം സംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ അഭിപ്രായം പറഞ്ഞുകഴിഞ്ഞു പ്രധാനമന്ത്രിയുടെ കീഴിലുള്ള . ഐ.എസ്.ആർ.ഒയുടെ ഒരു ഇൻസ്റ്റിറ്റ്യൂട്ട് യാതൊരു കാരണവശാലും സംസ്ഥാന ഇടപെടലിന്റെ ഫലമായി നഷ്ടപ്പെടരുത് എന്നതുകൊണ്ട് അവരുടെ പ്രതിനിധികളുമായി ഇതുസംബന്ധിച്ച് ചർച്ച നടത്തുന്നുവെന്ന് പ്രതിപക്ഷനേതാവിനെ അറിയിച്ചപ്പോൾത്തന്നെ യാതൊരു കാരണവശാലും അവരുമായുള്ള സൗഹൃദത്തിന് കോട്ടം ഉണ്ടാകാതെ ശ്രദ്ധിക്കണമെന്ന അദ്ദേഹത്തിന്റെ അഭിപ്രായംകൂടി മാനിച്ചാണ് അവരുമായി സംസ്ഥാനത്തെ 5 മന്ത്രിമാർ ചർച്ച നടത്തിയത്. ആ സ്ഥാപനം സംസ്ഥാനത്ത് വരികയാണെങ്കിൽ തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പ്രയോജനകരമാകുമെന്ന അഭിപ്രായം തന്നെയാണുണ്ടായിരുന്നത്. ഈ ഭൂമിയിടപാട് സംബന്ധിച്ച് ഇനി അന്വേഷണം വേണമെങ്കിൽ അത് കേന്ദ്ര ഗവണ്മെന്റാണ് ചെയ്യേണ്ടത്. അന്വേഷണത്തിനായി പ്രതിപക്ഷം കേന്ദ്ര ഗവണ്മെന്റിനെ സമീപിച്ചാൽ

സഹകരിക്കാൻ ഗവണ്മെന്റ് തയ്യാറാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> ഇന്നത്തെ മുഖ്യമന്ത്രി പ്രതിപക്ഷനേതാവായിരിക്കുമ്പോൾ ഇത്തരം ഒരു ഡീൽ കേരളത്തിൽ നടന്നാൽ, ഇത്തരത്തിലൊരു വിശദീകരണത്തിൽ തൃപ്തിപ്പെടുമായിരുന്നോ എന്ന് വ്യക്തമാക്കണം. ഐ.എസ്.ആർ.ഒ. യുടെ ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിന് നഷ്ടപ്പെടാൻ പാടില്ലെന്നതിനോട് പ്രതിപക്ഷം പൂർണ്ണമായും യോജിക്കുന്നു. ഡിസംബർ 15-ന് ഐ.എസ്.ആർ.ഒ. റവന്യൂ വകുപ്പുമന്ത്രിക്ക് തന്ന കത്തിന് ഭൂമി തരാനില്ലെന്നു പറഞ്ഞ് 2007 ഫെബ്രുവരി 18-ന് തിരുവനന്തപുരം ഡെപ്യൂട്ടി കളക്ടർ ഐ.എസ്.ആർ.ഒ.യ്ക്ക് കൊടുത്ത മറുപടി സംസ്ഥാനത്തിനുതന്നെ അപമാനകരമാണ്. അതിനുശേഷം സെപ്റ്റംബർ മാസം 6-ാം തീയതി കൂടിയ കോൺഫറൻസിൽ 200 ഏക്കർ സ്ഥലം രണ്ട് സ്റ്റേജുകളായിട്ട് ഐ.എസ്.ആർ.ഒ.യ്ക്ക് കൊടുക്കാൻ തീരുമാനിച്ചത് സന്തോഷകരമാണ്. ഈ വിവാദത്തിന്റെ പേരിൽ ഈ ഇൻസ്ററിറ്റ്യൂട്ട് സംസ്ഥാനത്തിന് നഷ്ടപ്പെടാൻ പാടില്ലെന്നുള്ളതുകൊണ്ടാണ് കോൺഫറൻസ് കൂടുന്ന സമയത്ത് ഞാൻ തിരക്കിട്ട് കത്ത് തന്നത്. സ്ഥലമെടുപ്പിന്റെ ഓരോ സ്റ്റേജും ഗവണ്മെന്റിനെ അറിയിച്ചിട്ടും ഗവണ്മെന്റ് അവരെ നിരുത്സാഹപ്പെടുത്തുകയോ ഈ ഡീലിൽ നിന്ന് ഒഴിഞ്ഞുനിൽക്കണമെന്നു പറയുകയോ ചെയ്തിട്ടില്ല. കേന്ദ്ര നിയമവകുപ്പിന് ഈ ഡീലിന്റെ ക്ളിയറൻസിനാവശ്യമായ എല്ലാ രേഖകളും സംസ്ഥാന ഗവണ്മെന്റാണ് കൊടുത്തത്. സേവി മനോ മാത്യൂവിന് ഈ ഭൂമി എങ്ങനെ കിട്ടിയെന്ന് വനം വകുപ്പുമന്ത്രിതന്നെ പറഞ്ഞിട്ടുണ്ട്. 2000-ൽ ഓർഡിനൻസ്

വഴി ഈ സ്ഥലം ഏറ്റെടുത്തിട്ട് തൊഴിലാളികൾക്ക് പണി കിട്ടിയില്ല എന്നതിന്റെ പേരിൽ എൽ.ഡി.എഫ് തന്നെ പഴയ ഉടമസ്ഥന് കൈമാറുകയാണുണ്ടായത്. ഈ ഡീൽ ശരിയല്ലെന്ന് ബോധ്യപ്പെട്ടതു കൊണ്ടാണ് സെപ്റ്റംബർ 6-ാം തീയതി അഞ്ച് മന്ത്രിമാർകൂടി ഐ.എസ്.ആർ.ഒ.യിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തശേഷം ഡീൽ ക്യാൻസൽ ചെയ്തത്. ഇന്നലെ സി.സി.എഫ്-നെ സസ്പെന്റ് ചെയ്യുകയും നാല് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുകയും ചെയ്തത് ഈ തെറ്റായ ഡീലിൽ ഉദ്യോഗസ്ഥർക്ക് പങ്കുണ്ടെന്ന് ഗവണ്മെന്റിന് ബോധ്യപ്പെട്ടതിന് തെളിവാണ്. ഈ ഇടപാടിലൂടെ വന്നിരിക്കുന്ന 700 കോടി രൂപയുടെ നഷ്ടം ആരുടെ ഭാഗത്തുനിന്നുള്ള വീഴ്ചകൊണ്ടാണെന്നുള്ളത് അന്വേഷിക്കണം. ഈ ഗവണ്മെന്റിന്റെ ഉത്തരവാദപ്പെട്ട ഒരു കോർപ്പറേഷ നിൽ പ്രതിനിധിയായി സേവി മനോ മാത്യുവിനെ നിയമിച്ചിരിക്കുകയാണ്. ഈ കേസ് സംബന്ധിച്ച അന്വേഷണം നടത്താൻ ഗവണ്മെന്റ് തയ്യാറാകണം. ഐ.എസ്.ആർ.ഒ.-യുമായി ബന്ധപ്പെട്ട കേസ്സായതുകൊണ്ട് കേന്ദ്രഗവണ്മെന്റ് അന്വേഷിക്കണമെന്ന വാദം ശരിയല്ല. ഈ ഭൂമി ഇടപാട് നിയമപ്രകാരമാ ക്കാൻ വേണ്ടി സംസ്ഥാന ഗവണ്മെന്റിൽ നിന്ന് രേഖകൾ കൊടുത്തത് ആരാണ്, ഏത് സാഹചര്യത്തിലാണ് എന്നത് പരിശോധിക്കണം. യു.ഡി. എഫ്. ഗവണ്മെന്റ് കൊണ്ടുവന്ന നിയമഭേദഗതി സംസ്ഥാനത്തിന് നഷ്ടം ഉണ്ടാക്കുമെന്ന് ബോധ്യമുണ്ടായിരുന്നുവെങ്കിൽ അതിന് ഭേദഗതി കൊണ്ടു വരണമായിരുന്നു. സംസ്ഥാനത്തിന്റെ അധീനതയിലുള്ള വനഭൂമി ഒരു സ്വകാര്യവ്യക്തിക്ക് വിൽക്കാൻ അനുമതി കൊടുത്തത് സംബന്ധിച്ച റവന്യൂ, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റുകളുടെ രേഖകൾ പരിശോധിക്കണം. ഈ ആവശ്യവുമായി ബന്ധപ്പെട്ട് യു.ഡി.എഫ്.-ലെ അഞ്ച് എം.എൽ.എ.-മാർ

നടത്തുന്ന നിരാഹാരസമരം മൂന്നാം ദിവസത്തിലേയ്ക്ക് കടക്കുകയാണ്. ഈ നിയമം ഓർഡിനൻസായി ഇറക്കിയ 2000 മുതൽ ഇന്നുവരെയുള്ള എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ആരോപണവിധേയനായ മന്ത്രിയെ മാറ്റി നിർത്തിക്കൊണ്ട് അന്വേഷണം നടത്താൻ തയ്യാറാകണം.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷി അംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനു മുന്നിൽ വന്നു നിന്ന് മുദ്രാവാക്യം മുഴക്കിക്കൊണ്ടിരുന്നു.).

**ശ്രദ്ധക്ഷണിക്കൽ**

(ഒന്നാമത്തെ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

**ചിക്കുൻഗുനിയ**

ശ്രീ. വി. ശശികുമാർ: കേരളത്തിലാകെ പടർന്നുപിടിച്ച ചിക്കുൻഗുനിയ പതിനായിരക്കണക്കിന് ജനങ്ങളുടെ ജീവിതം നരകതുല്യമാക്കിയിരിക്കുകയാണ്. ചിക്കുൻഗുനിയ പോലുള്ള പകർച്ചവ്യാധികളുടെ പ്രതിരോധത്തിനും തുടർ ചികിൽസയ്ക്കും നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): വൈറൽ പനി, ഡെങ്കിപ്പനി, ചിക്കുൻഗുനിയ എന്നിവ നേരിടുന്നതിന് ഗവണ്മെന്റ് ഫലപ്രദമായി ഇടപെട്ടിട്ടുണ്ട്. ഇപ്പോൾ ഇത് നിയന്ത്രണ വിധേയമാണ്. ഇതു സംബന്ധിച്ച പഠനവും ഗവേഷണവുമായി ബന്ധപ്പെട്ട് കുറേ കാര്യങ്ങൾ നടന്നിട്ടുണ്ട്. ഡിസംബർ മാസം അവസാനമോ ജനുവരി ആദ്യമോ നാഷണൽ തലത്തിൽ വൈറൽ പനിയെ സംബന്ധിച്ച്, പ്രത്യേകിച്ച് ചിക്കുൻഗുനിയ സംബന്ധിച്ച് ഒരു സെമിനാർ നടത്തുന്നതിനെക്കുറിച്ച് ഗവണ്മെന്റ് ആലോചിക്കുന്നുണ്ട്. ആ സെമിനാറിൽ ഇൻഡ്യയിലെ വളരെ

വിദഗ്ദ്ധരായ ശാസ്ത്രജ്ഞരെ പങ്കെടുപ്പിച്ച് ആവശ്യമായ പരിഹാരമാർഗ്ഗം തേടുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്.

**മേശപ്പുറത്ത് വച്ച കടലാസ്സുകൾ.**

കാര്യവിവര പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

**റിപ്പോർട്ട് സമർപ്പണം.**

(1) പൊതുമേഖലാസ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ മുപ്പത്തിയേഴ് മുതൽ മുപ്പത്തിയൊൻപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണകാര്യം.**

**(1) 2007-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും.**

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 2007-ലെ കേരള നെൽവയൽ -നീർത്തട സംരക്ഷണ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 2007-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രമേയത്തെ പിൻതാങ്ങുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കേരളത്തിൽ അവശേഷിക്കുന്ന നെൽവയലുകളും നീർത്തടങ്ങളും ശരിയായ രീതിയിൽ സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ ബിൽ  അവതരിപ്പിക്കുന്നത്. സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷയെ ബാധിക്കുന്നതിലുപരി കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക എന്നതുകൂടി ഇതുകൊണ്ട് ഉദ്ദേശിക്കുന്നു. സാമൂഹ്യ പ്രതിബദ്ധത നിറവേറ്റാൻ മാത്രം നഷ്ടം സഹിച്ച് നെൽകൃഷി നടത്താനാകുകയില്ല എന്ന് കർഷകർ വാദിക്കുന്നു.  നെൽവയലുകളുടെ വിസ്തൃതിക്കുറവ് തങ്ങളുടെ ജീവിതമാർഗ്ഗം തന്നെ എന്നെന്നേയ്ക്കുമായി ഇല്ലാതാക്കുമെന്ന് തൊഴിലാളികളും  ഭയക്കുന്നു.  ഗുരുതരമായ പാരിസ്ഥിതിക തകർച്ചയും ഇതുമൂലമുണ്ടാകുന്നു. ഈ അവസരത്തിൽ  നെൽവയലുകൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ നിയമനിർമ്മാണത്തിനായി  ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയച്ച് പൊതുജനങ്ങളിൽ നിന്ന്  തെളിവുകൾ ശേഖരിച്ചശേഷം പാസ്സാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന് എല്ലാവരും സഹകരിക്കണം.

ശ്രീ. സി.കെ.പി. പത്മനാഭൻ: 2007-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിന്റെ വികസനത്തിനുവേണ്ടി കൊണ്ടുവന്ന ഈ നിയമനിർമ്മാണത്തെ സ്വാഗതം ചെയ്യുന്നു. നെൽവയലുകൾ  ദിവസം കഴിയുന്തോറും കുറഞ്ഞുകൊണ്ടിരിക്കുകയാണ്.  ഇൻഡ്യയ്ക്കാകെ മാതൃകയാകുന്ന ഒരുപാട് കാർഷിക പദ്ധതികൾ നടപ്പാക്കിയ കേരളത്തിൽ ഇത്തരത്തിലൊരു നിയമം കൂടി കൊണ്ടുവരുന്നതിനെ സ്വാഗതം ചെയ്യുന്നു.

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: 2007-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സെലക്ട് കമ്മിറ്റിക്ക് അയച്ച് പൊതുജനങ്ങളുടെയും കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും പാരിസ്ഥിതിക പ്രവർത്തകരുടെയും തെളിവുകൾ ശേഖരിച്ചശേഷം ശക്തമായ ഒരു നിയമനിർമ്മാണമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. സെലക്ട് കമ്മിറ്റി അംഗങ്ങളുടെ ലിസ്റ്റ് പിന്നീട് അറിയിക്കാം.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2007-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സെലക്ട് കമ്മിറ്റിക്ക് അയച്ചു.

**(2)(എ). സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള പോലീസ് (ഭേദഗതി) ബിൽ.**

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. പി.എം.എ. സലാം: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള പോലീസ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): അംഗങ്ങളാരും സംസാരിക്കാത്തതിനാൽ പ്രത്യേകമായി ഒന്നും പറയാൻ ഉദ്ദേശിക്കുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ശ്രീ. കെ.സി. ജോസഫ് നോട്ടീസ് നൽകിയ 108-ാം നമ്പർ ഭേദഗതിയും ശ്രീ. ആര്യാടൻ മുഹമ്മദ് നോട്ടീസ് നൽകിയ 109-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

(108) In section 2(1) (i) of the Kerala Police Act, 1960 proposed to be inserted by clause 2(1) (i) the words "Authority" or "Authorities shall mean" shall be substituted by the words "Authority" or "Authorities mean."

(109) In section 2(1) (iv a) of the Principal Act proposed to be inserted by clause 2(4) the words "under the Act" shall be substituted by the words "under this Act."

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: 110-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 110-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>3-ാം വകുപ്പ്.</u>**

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: 127-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>; 129-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച In Section 3A(2) of the Principal Act proposed to be inserted by Clause 3 for the words "The Director General of Police" the words "The Superintendent of Police" shall be substituted എന്ന 127-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. 129-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**4-ാം വകുപ്പ്.**

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ശ്രീ. എം. ഉമ്മർ നോട്ടീസ് നൽകിയ 137-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

(137) In the proviso of Section 4 (A)(1) of the Principal Act proposed to be amended by clause 4 the words "normal tenure" shall be substituted by the words "minimum tenure."

ശ്രീ. എ. പ്രദീപ് കുമാർ: 165-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 165-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**5-ാം വകുപ്പ്.**

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

In section five of the Bill in the newly inserted Section 17A of the sub-section title (8) may be inserted for the last sub clause.

(2) In section five of the Bill inserting new Section 17 B in Sub-section 3 the word 'of ' coming after the word "time" may be deleted.

(3) The word molestution in 17 E (ii) may be replaced by the word "molestation."

ശ്രീ. എ. പ്രദീപ് കുമാർ: 187-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 188-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

Last word "Ordinance" in the Bill may be replaced by the word "Act."

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുളള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുളള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2007-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രമേയത്തെ പിൻതാങ്ങുന്നു.

2007-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (ബി) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള ആയൂർവേദ ആരോഗ്യകേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ബിൽ

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള ആയൂർവേദ ആരോഗ്യകേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഭാരതത്തിന്റെ മഹത്തും പൗരാണികവുമായ ആയൂർവേദ ചികിത്സാ സമ്പ്രദായം ലോകവ്യാപകമായി വളരെയധികം പ്രചാരം നേടുമ്പോൾ മസ്സാജ് പാർലറുകളുമായി ബന്ധപ്പെട്ട് വരുന്ന അപാകതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള ആയൂർവേദ ആരോഗ്യകേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

### 2-ാം വകുപ്പ്

പ്രൊഫ. സി. രവീന്ദ്രനാഥ്: 108-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 111, 118 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: 113, 120 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.പി. മോഹനൻ: 114, 121 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഖണ്ഡം 2 (ജെ)-യിൽ ''രജിസ്റ്റർ ചെയ്ത മെഡിക്കൽ പ്രാക്ടീഷണർ എന്നാൽ'' എന്നതിനുപകരം ''മെഡിക്കൽ പ്രാക്ടീഷണർ എന്നാൽ'' എന്നു ചേർക്കുക എന്ന ശ്രീ. ആര്യാടൻ മുഹമ്മദ് നോട്ടീസ് നൽകിയ 117-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ''(2)-ാം ഉപഖണ്ഡത്തിൽ ''നിലനിൽക്കുന്ന'' എന്ന വാക്കിനു

പകരം ''പ്രവർത്തിക്കുന്ന'' എന്ന വാക്ക് ചേർക്കേണ്ടതാണ്'' എന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

{ശ്രീ. കെ.പി. മോഹനൻ: 128, 131, 137, 138 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 129, 132 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: 130, 136 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

ശ്രീ. പി.എം.എ. സലാം: 145,148, 158, 182 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

{ശ്രീ. കെ.പി. മോഹനൻ: 147,167, 176, 180, 188, 190, 191, 192 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: 164, 178 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 165-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ്: 196, 198 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: 199-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ്: 201-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 202-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി.എം.എ. സലാം: 209-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്

പ്രൊഫ. സി. രവീന്ദ്രനാഥ്: 210-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 211-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.പി. മോഹനൻ: 212-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 7-ാം വകുപ്പ്

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: 213-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 8-ാം വകുപ്പ്

ശ്രീ. പി.എം.എ. സലാം: 222-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 9-ഉം 10-ഉം വകുപ്പുകൾ

9-ഉം 10-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ഉം 10-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമയി.

## 11-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 226-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12-ഉം 13-ഉം 14-ഉം വകുപ്പുകൾ

12-ഉം 13-ഉം 14-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ഉം 13-ഉം 14-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: 106-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.പി. മോഹനൻ: 107-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): 2007-ലെ കേരള ആയൂർവേദ ആരോഗ്യകേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2007-ലെ കേരള ആയൂർവേദ ആരോഗ്യകേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ രാവിലെ 10.36-ന് പിരിഞ്ഞു.

*****************